(സി) കെ.എസ്.റ്റി.പി.-യ്ക്ക് കീഴിൽ വരുന്ന പദ്ധതികൾക്കായി വാങ്ങുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്നത് 4-6-2003-ലെ ജി.ഒ.(ആർ.ടി.)528/03/പൊ.മ.വ. പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാതല പർച്ചേസ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കെ.എസ്.റ്റി.പി.-യുടെ എംപവേർഡ് കമ്മിറ്റിയാണ്. മറ്റ് റോഡു പദ്ധതികൾക്കായി വാങ്ങുന്ന ഭൂമിയുടെ വില ജില്ലാ കളക്ടർ ചെയർമാനും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറും ആർ.ഡി.ഒ., കളക്ടറേറ്റിലെ ഫൈനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളുമായിട്ടുള്ള ജില്ലാതല പർച്ചേസ് കമ്മിറ്റിയുടെ ശുപാർശ കണക്കിലെടുത്ത് സർക്കാർ തലത്തിലുള്ള എംപവേർഡ് കമ്മിറ്റിയാണ്.

എം.ജി. റോഡിൽ സ്റ്റാച്ച്യൂ മുതൽ ഓവർ ബ്രിഡ്ജ് വരെയുള്ള ഭാഗങ്ങളുടെ വീതി കൂട്ടൽ

42 [3214] ശ്രീ. എൻ. ശക്തൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ: എ. ഡി. മുസ്തഫ:

„ എ. പി. അനിൽകുമാർ:

„ കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എം.ജി. റോഡിൽ സ്റ്റാച്ച്യൂ മുതൽ ഓവർബ്രിഡ്ജ് വരെയുള്ള ഭാഗങ്ങൾ വീതി കൂട്ടുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) സ്ഥലമെടുപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) എം. ജി. റോഡ് വീതികൂട്ടുന്നതിനുള്ള സ്ഥലമെടുപ്പ് കേരള ലാന്റ് അക്യൂസിഷൻ ആക്ട് പ്രകാരമുള്ള 4 (1) വിജ്ഞാപനം തയ്യാറായിട്ടുണ്ട്. ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 30-12-2004-ൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly